പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1764 | 12.06.2019 ൽ മറുപടിയ്ക്ക്

## സ്കൂൾ വാഹനങ്ങളുടെ സുരക്ഷ

| | ചോദ്യം<br>ശ്രീ.എ. എൻ. ഷംസീർ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സ്കൂൾ വാഹനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (എ) | സ്കൂൾ ബസ്സുകളുടേയും വിദ്യാർത്ഥി വിദ്യാർത്ഥിനികൾ യാത്ര ചെയ്യുന്ന മറ്റു വാഹനങ്ങളുടേയും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി എല്ലാ അധ്യയന വർഷാരംഭത്തിലും എല്ലാ സ്കൂൾ ബസുകളും പരിശോധിച്ച് വാഹനങ്ങളുടെ ക്ഷമത, വിദ്യാർത്ഥികൾക്കുള്ള സൗകര്യങ്ങൾ, ബാഗുകൾ സൂക്ഷിയ്ക്കുന്നതിനുള്ള സൗകര്യം, വാതിലുകൾ, ഷട്ടറുകൾ എന്നിവ പരിശോധിച്ച് യോഗ്യമായ വർക്ക് സ്റ്റിക്കർ പതിപ്പിച്ചു നൽകുന്നു. യാത്രാ ബസുകളിൽ കുട്ടികളെ കയറ്റുകയും അവരോട് ബസ് ജീവനക്കാർ മാന്യതയോടെ പെരുമാറുന്നുണ്ട് എന്നും ഉറപ്പുവരുത്തുന്നതിനായി ബസ് സ്റ്റാന്റ്, സ്കൂൾ പരിസരം എന്നിവിടങ്ങളിൽ പ്രത്യേക പരിശോധന നടത്തുന്നുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് ജി3/229/പൊ.വി.വ എന്ന നമ്പരായി 27-05-2019-ൽ ഇറക്കിയ സർക്കുലർ പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻ ബസുകൾക്ക് പെർമിറ്റ് നൽകുന്നത് സംബന്ധിച്ച കേരള മോട്ടോർ വാഹന ചട്ടം 153 D പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി സ്കൂൾ വാഹനങ്ങളും കുട്ടികളെ കയറ്റുന്ന മറ്റു വാഹനങ്ങളും നിരന്തര പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. അമിതമായി കുട്ടികളെ കയറ്റി വരുന്ന വാഹനങ്ങളുടെ ഡ്രൈവർമാരുടെ ലൈസൻസ് റദ്ദു ചെയ്യുന്നതിനും ഓട്ടോറിക്ഷകളുടേയും സ്കൂൾ വാഹനങ്ങളുടേയും പെർമിറ്റ് റദ്ദു ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ സ്കൂളുകളിലും ഒരു അധ്യാപകനെ/ അധ്യാപികയെ നോഡൽ ഓഫീസറായി നിയമിയ്ക്കുവാൻ സ്കൂൾ അധികൃതർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>പുരോഗമനപരമായ റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾ ഒരു വ്യക്തി യുടെ വളർച്ചയുടെ എല്ലാ ഘട്ടത്തിലും നിശ്ചിത ഇടവേളകളിൽ തുടർച്ചയായി നൽകേണ്ടത് അത്യാവശ്യമാണ് എന്നതിനാൽ ഇതിന്റെ ഭാഗമായി സ്കൂൾ പാഠ്യപദ്ധതിയിൽ റോഡ് സുരക്ഷാ |

| | | | |
|---|---|---|---|
| | | | വിഷയം ഉൾപ്പെടുത്തണമെന്ന് പൊതു വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് കരിക്കുലം തയ്യാറാക്കാനാവശ്യമായ സഹായങ്ങൾ കേരളാ റോഡ് സുരക്ഷാ അതോറിറ്റി നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.<br>സ്കൂൾ ക്ലാസ്സുകളിൽ റോഡ് സുരക്ഷാ സന്ദേശങ്ങൾ അടങ്ങിയ ചാർട്ടുകൾ തയ്യാറാക്കി പ്രദർശിപ്പിക്കുവാനുള്ള ചിലവ് കേരള റോഡ് സുരക്ഷാ അതോറിറ്റി വഹിക്കാൻ തയ്യാറാണെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.<br>കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനും സ്കൂളുകളിൽ റോഡ് സുരക്ഷാ അവബോധം വളർത്തിയെടുക്കുന്നതിനും റോഡ് സുരക്ഷാവാരം കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ജൂൺ 10 മുതൽ 14 വരെ നടത്തുന്ന വാരാചരണത്തിൽ സ്കൂൾ വാഹനങ്ങളുടെ സുരക്ഷ, സ്കൂൾ വാഹനങ്ങളുടെ സുരക്ഷിത യാത്ര ഉറപ്പാക്കൽ എന്നിവയ്ക്കാണ് മുൻഗണന നൽകിയിട്ടുള്ളത്. അദ്ധ്യാപകർ, പിറ്റിഎ, സ്കൂൾ ജീവനക്കാർ, ഡ്രൈവർമാർ, വിദ്യാർത്ഥികൾ എന്നിവർക്ക് റോഡ് സുരക്ഷാ ക്ലാസ് നൽകുന്നുണ്ട്. അതു പോലെ തന്നെ സ്കൂൾ അസംബ്ലിയിൽ റോഡ് സുരക്ഷാ സന്ദേശങ്ങൾ വായിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**